## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1641

05.12.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ; | (എ) | സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയിലേയ്ക്ക്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേനെ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. ഇ- സാക്ഷരതാ പദ്ധതി<br>2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ വീടുകളിലെ വാതിലുകൾക്കും ജനാലകൾക്കും അടപ്പ് (ഷട്ടർ) നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതി - (400 ദിന കർമ്മ പദ്ധതി)<br>3. മദ്രസ്സ അദ്ധ്യാപകർക്കുള്ള പാർപ്പിട പദ്ധതി (500 ദിന കർമ്മ പദ്ധതി)<br>4. ന്യൂനപക്ഷ മത വിഭാഗത്തിലെ തൊഴിൽ രഹിതർക്കുള്ള മൾട്ടി പർപ്പസ് ജോബ് ക്ലബ്. |
| (ബി) | ഇവ ഓരോന്നിനും എന്തു തുക വീതം നീക്കി വച്ചിട്ടുണ്ട് ; ഇത് ബജറ്റിൽ നീക്കി വച്ചതിന് പുറമെയാണോ എന്നറിയിക്കുമോ ; | (ബി) | തുകയൊന്നും നീക്കി വച്ചിട്ടില്ല. |
| (സി) | ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ ? | (സി) | പദ്ധതി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ